13-ാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2145

17.06.2014 ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ നിർവ്വഹണം

ചോദ്യം | ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | 01.04.2013-ന് ശേഷം സംസ്ഥാനത്ത് എത്ര പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചെന്ന് വെളിപ്പെടുത്തുമോ ; | 01.04.2013 നും അതിനുശേഷം സംസ്ഥാനത്ത് സംസ്ഥാന സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിലായി 14742 പേർ പ്രവേശിച്ചിട്ടുണ്ട്. |
| (ബി) | 01.04.2013-ൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ ഇനത്തിൽ നാളിതുവരെ എന്തു തുക സർക്കാർ പിരിച്ചെടുത്തെന്ന് വിശദമാക്കുമോ ; | 01.04.2013 ൽ സർവ്വീസിൽ പ്രവേശിച്ച പങ്കാളിത്ത പെൻഷനിൽപ്പെടുന്ന ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതമായി 2014 മാർച്ച് മാസം 1.21 ലക്ഷവും, 2014 ഏപ്രിൽ മാസം 14.95 ലക്ഷം രൂപയും പിടിച്ചിട്ടുണ്ട്. |
| (സി) | പങ്കാളിത്ത പെൻഷൻ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി എന്തു തുക ഇതിനകം ഒടുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | പങ്കാളിത്ത പെൻഷൻ ഇനത്തിൽ 2014 മാർച്ച് മാസം 1.21 ലക്ഷവും, 2014 ഏപ്രിൽ മാസം 14.95 ലക്ഷം രൂപയും സർക്കാർ വിഹിതമായി ഇതിനകം ഒടുക്കിയിട്ടുണ്ട്. |
| (ഡി) | പങ്കാളിത്ത പെൻഷൻ ഇനത്തിൽ ജീവനക്കാരുടേയും, സർക്കാരിന്റേയും ആകെ | പങ്കാളിത്ത പെൻഷൻ ഇനത്തിൽ ജീവനക്കാരുടേയും, സർക്കാരിന്റേയും ആകെ ഗഡുവായി 32.32 ലക്ഷം രൂപ 2014 |

| | | |
|---|---|---|
| | ഗഡുവായി എത്ര തുക നാളിതുവരെ സംസ്ഥാന ട്രഷറിയിലും ബാങ്കുകളിലും മറ്റിതര ഏജൻസികളിലും അടച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ഗവ. സർക്കുലർ നം. 07/14/ധന തീയതി 06.02.14 പ്രകാരം ട്രസ്റ്റി ബാങ്ക് മുഖേന ഫണ്ടുകളിൽ/സെക്യൂരിറ്റികളിലെ നിക്ഷേപങ്ങളിലേയ്ക്കായി കൈമാറിയിട്ടുണ്ട്. |
| (ഇ) | ഏതൊക്കെ ബാങ്കുകളിലാണ് ഈ തുക നിക്ഷേപിച്ചത് എന്ന് വെളിപ്പെടുത്തുമോ ? | 06.02.14 ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാരായ എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെൻ സൊല്യൂഷൻസ് ലിമിറ്റഡ്-ഉം, എൽ.ഐ.സി. പെൻഷൻ ലിമിറ്റഡ് എന്നിവയിലാണ് ഈ തുക നിക്ഷേപിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്